ആരാണോ കരുതിക്കൂട്ടി കള്ളസത്യം ചെയ്യുകയും അത് മുഖേന
ഒരു മുസ്ലിമിന്റെ ധനം അന്യായമായി തട്ടിയെടുക്കുകയും
ചെയ്തത്, അങ്ങനെയുള്ളവൻ അല്ലാഹുവിനെ കണ്ടുമുട്ടും.
അല്ലാഹു അവനോട് കോപിഷ്ഠനായിരിക്കും.
അശ്അഥ് ബിൻ ഖൈസ് (رضي الله عنه) പറയുന്നു: ഞാനും ഒരാളും തമ്മിൽ ഒരു കിണറിന്റെ
അവകാശത്തർക്കമുണ്ടായിരുന്നു. അങ്ങനെ ഞങ്ങൾ അല്ലാഹുവിന്റെ റസൂലി(صلى الله عليه وسلم(നരികിലേക്ക്
തർക്കവുമായി ചെന്നു. അപ്പോൾ അല്ലാഹുവിന്റെ റസൂൽ (صلى الله عليه وسلم) പറഞ്ഞു: "ഒന്നുകിൽ നീ (നിന്റെ
വാദം തെളിയിക്കാൻ) രണ്ടു സാക്ഷികളുമായി വരിക. അല്ലെങ്കിൽ അവൻ (തന്റെ നിരപരാധിത്തം
തെളിയിക്കാൻ) സത്യം ചെയ്യട്ടെ." അപ്പോൾ ഞാൻ പറഞ്ഞു: എങ്കിൽ അവൻ സത്യം ചെയ്യും. അവൻ
(സത്യമോ നീതിയോ) പരിഗണിക്കുകയില്ല. അപ്പോൾ അല്ലാഹുവിന്റെ റസൂൽ (صلى الله عليه وسلم) പറഞ്ഞു:
"ആരാണോ കരുതിക്കൂട്ടി കള്ളസത്യം ചെയ്യുകയും അത് മുഖേന ഒരു മുസ്ലിമിന്റെ ധനം
അന്യായമായി തട്ടിയെടുക്കുകയും ചെയ്തത്, അങ്ങനെയുള്ളവൻ അല്ലാഹുവിനെ കണ്ടുമുട്ടും.
അല്ലാഹു അവനോട് കോപിഷ്ഠനായിരിക്കും."
[സ്വഹീഹ്] [ബുഖാരിയും മുസ്ലിമും ഉദ്ധരിച്ചത്]
https://sunnah.global/hadeeth/ml/show/2980